തൂങ്ങി മരണം

4. [6] ശ്രീ. ജി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964 ജൂലായ് 12-ാംനു- പന്തളം തെക്കേക്കര പഞ്ചായത്തിൽ രാജപ്പൻ എന്ന ഒരാൾ തൂങ്ങിമരിച്ചതായി അറിവു കിട്ടിയിട്ടുണ്ടോ ;

(ബി) അതു തൂങ്ങിമരണം അല്ലെന്നും സംശയകരമായ സ്ഥിതികളിലാണു് രാജപ്പൻ മരിക്കാൻ ഇടയായതെന്നും പരാതി കിട്ടിയിട്ടുണ്ടോ ;

(സി) അതിന്മേൽ അന്വേഷണം നടത്തിയോ ? എന്താണു അന്വേഷണഫലം ;

(ഡി) അതിനെപ്പറ്റി കൂടുതൽ കർശനമായും ഊർജ്ജിതമായും അന്വേഷണം നടത്താൻ ഉത്തരവു കൊടുക്കാമോ ?

ഉത്തരം

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) അന്വേഷണം നടത്തി. അന്വേഷണത്തിൽ അതു് ഒരു തൂങ്ങി മരണം (Suicide by hanging) ആണെന്നു തെളിഞ്ഞു.

(ഡി) ഇനി ഒരന്വേഷണത്തിന്റെ ആവശ്യമുള്ളതായി തോന്നുന്നില്ല.

ഒന്നാം പദ്ധതിയിൽ തുടങ്ങിവച്ച പണികൾ

5. [8] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് പണി ആരംഭിച്ചതും, പിന്നീടു് പണി തുടർന്നു പോന്നതുമായ തൃശ്ശൂർ ജില്ലയിലെ ചെറക്കാക്കോട്ടു്—പുല്ലാനിക്കാട് റോഡു്, മുർക്കാനിക്കര—കൊഴക്കുള്ളി റോഡു് എന്നിവയുടെ പണി പൂർത്തിയാകാതിരിക്കാൻ കാരണമെന്താണു് ;

(ബി) മേൽപറഞ്ഞ റോഡുകളുടെ പണി ഉടനെ പൂർത്തിയാക്കുമോ ?

ഉത്തരം

(എ) സ്ഥലമെടുപ്പു് നടപടികളിൽ ഉണ്ടായ കാലതാമസമാണു് ഇതിനു കാരണം.

(ബി) ചിറക്കാക്കോട്ടു്—പുല്ലാനിക്കാട്ടു് റോഡിന്റെ പണി നടന്നു കൊണ്ടിരിക്കുന്നു. മുർക്കാനിക്കര—കൊഴക്കുള്ളി റോഡിന്റെ സ്ഥലമെടുപ്പു് നടപടി പൂർത്തിയായിട്ടില്ല. ഈ പണികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്.

5—ാം സ്റ്റാൻഡേഡു് പുനരാരംഭിച്ച വിദ്യാലയങ്ങൾ

6. [9] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര പ്രൈവറ്റു സ്കൂളുകളിൽ 5-ാംസ്റ്റാൻഡേഡു് നിറുത്തൽ ചെയ്തശേഷം ഇക്കൊല്ലം പുനരാരംഭിച്ചു ;

(ബി) എറണാകുളം ഡിസ്ട്രിക്ടിൽ എത്ര ;

(സി) അവ ഏതെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5—ാം സ്റ്റാൻഡാർഡ് നിറുത്തൽ ചെയ്ത സ്കൂളുകളിൽ 5—ാം സ്റ്റാൻഡാർഡ് പുനരാരംഭിച്ചിട്ടില്ല.

(ബി,സി) 'എ'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഇവ ഉദിക്കുന്നില്ല.

ഇലക്ട്രിഫിക്കേഷൻ

7. [10] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർ ബ്ലോക്കിൽനിന്നും ഇലക്ട്രിഫിക്കേഷൻ വക മാററിയിട്ടുള്ളതും ഇലക്ട്രിസിററി ബോർഡ് ഏറെറടുത്തിട്ടുള്ളതുമായ സംഖ്യയിൽ എന്തെങ്കിലും ചെലവ് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ഏതു പ്രദേശത്തെ വക്കിനു ;

(ഡി) ബാക്കിയുള്ളതു് ഏതു വക്കിനു ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ) പറവൂർ ബ്ലോക്കിലെ റൂറൽ ഇലക്ട്രിഫിക്കേഷൻ പ്രവർത്തനങ്ങൾക്കായി 30,000ക. ബ്ലോക്കു് ഫണ്ടിൽനിന്നും ഇലക്ട്രിസിററി ബോർഡിനു് ലഭിച്ചിട്ടുണ്ടു്. ഈ സംഖ്യ ചിലവാക്കേണ്ടുന്ന മുഴുവൻ സ്കീമുകളുടേയും ലിസ്റ്റു് ബ്ലോക്കു് ഡവലപ്പുമെൻറു് ആഫീസറിൽനിന്നും ലഭിച്ചിട്ടില്ല. അതുകൊണ്ടു് ഈ ഇനത്തിൽ ചിലവൊന്നും ചെയ്തിട്ടില്ല.

(ബി,സി,ഡി) ഉദിക്കുന്നില്ല.

നെഹ്റു സ്മാരകം

8. [12] ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണ്ഡിററ് നെഹ്റുവിന്റെ സ്മരണയ്ക്കായി വിവിധ സ്ഥലങ്ങളിൽ വിവിധ രൂപത്തിലുള്ള സ്മാരകങ്ങളുണ്ടാക്കാൻവേണ്ടി പലരും പണപ്പിരിവു് നടത്തുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഈ പണപ്പിരിവു് ദുരുപയോഗപ്പെടാതെ സ്മാരകാർത്ഥം ചെലവഴിക്കാനുള്ള വല്ല നടപടികളും ഗവണ്മെൻറു് എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാന നിലവാരത്തിലുള്ള വല്ല പ്രത്യേക സ്മാരകങ്ങളും വേണമെന്നു ഗവണ്മെൻറിനുദ്ദേശമുണ്ടോ ;

(ഡി) അഖിലേന്ത്യാടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന സ്മാരകത്തെ സംബന്ധിച്ചു കേന്ദ്രത്തിൽ നിന്നു വല്ല നിർദ്ദേശവും സ്റ്റേറിനു ലഭിച്ചിട്ടുണ്ടോ;

(ഈ) വിവിധ സ്മാരക കമ്മിറ്റികളും പിരിക്കുന്ന പണം കേന്ദ്രീകരിച്ചു് ഗവണ്മെൻറു് നിയന്ത്രണത്തിൽ സ്മാരകങ്ങളുണ്ടാക്കുന്നതിനുവേണ്ട നടപടികളെടുക്കാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) ഫണ്ടു് യഥാർത്ഥത്തിൽ പിരിക്കുന്നുണ്ടോ എന്നതിനെപ്പററി ഗവണ്മെൻറിനു് യാതൊരറിവും ഇല്ല. തക്ക സ്മാരകങ്ങളും സ്ഥാപിക്കുന്നതിനായി ഏതാനും നിർദ്ദേശങ്ങളും കിട്ടിയിട്ടുണ്ടു്.

(ബി) (എ)—യുടെ മറുപടിയുടെ വെളിച്ചത്തിൽ ഇതു് ഉദിക്കുന്നില്ല. എന്നുവരികിലും ദുരുപയോഗം സംബന്ധിച്ച സംഗതികളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തുമ്പോളും പരിഹാരനടപടിയെടുക്കുന്ന കാര്യം പരിഗണിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly